വിഭാഗത്തെ കണ്ടെത്തുന്ന മുറയ്ക്ക് റേഷൻകാർഡ് വിതരണം നടത്തുന്നതാണ്. മറ്റ് സാങ്കേതിക തടസ്സങ്ങളൊന്നുമുണ്ടായില്ലെങ്കിൽ 1-9-2015-ന് പുതിയ കാർഡുകൾ വിതരണം ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഉണ്ട്. റേഷൻകാർഡ് പുതുക്കലുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ റേഷൻകാർഡ് മാനേജ്മെന്റ് സിസ്റ്റം മരവിപ്പിച്ചിരിക്കുന്നതിനാലാണ് പുതിയ റേഷൻകാർഡ് എടുക്കാനോ, നിലവിലുള്ള റേഷൻകാർഡിൽ പുതുതായി ആളെ ഉൾപ്പെടുത്താനോ കഴിയാത്തത്. എന്നാൽ അടിയന്തര ഘട്ടങ്ങളിൽ താൽക്കാലിക കാർഡുകൾ നൽകുന്നുണ്ട്.

(ഡി) പാസ്പോർട്ട് എടുക്കുന്നതിന് ഉൾപ്പെടെ വിവിധ ആവശ്യങ്ങൾക്കായി റേഷൻകാർഡിൽ പേരുൾപ്പെടുത്തേണ്ടവർക്കായി താൽക്കാലിക റേഷൻ കാർഡ് അനുവദിക്കുന്നുണ്ട്. ഇതിന് 6 മാസക്കാലാവധിയാണുള്ളത്. ഈ കാലാവധിക്കു ശേഷം കാർഡ് പുതുക്കി വാങ്ങേണ്ടതാണ്.

(ഇ) നിലവിൽ റേഷൻകാർഡിന്റെ ഡാറ്റാ എൻട്രി പൂർത്തിയായി ഡാറ്റാ വെരിഫിക്കേഷൻ നടന്നുവരികയാണ്. ഇത് ഉടനെ പൂർത്തിയാക്കി മുൻഗണനാ വിഭാഗക്കാരുടെ കരട് പട്ടിക പ്രസിദ്ധീകരിച്ച് സോഷ്യൽ ഓഡിറ്റിംഗ് നടത്തി അതിൽനിന്ന് മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തിയതിനുശേഷം റേഷൻകാർഡ് വിതരണം നടത്തുന്നതാണ്.

തിരുവനന്തപുരം, കണ്ണേറ്റുമുക്ക് ശ്രീമതി സരസ്വതി അമ്മയ്ക്ക് ബി.പി.എൽ. കാർഡ്

188 (5273) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം, ജഗതി, കണ്ണേറ്റുമുക്ക്, തൈക്കാട് (പി.ഒ.) റ്റി.സി. നമ്പർ 16/1260(1) തിരുവോണം വീട്ടിൽ താമസിക്കുന്ന ശ്രീമതി സരസ്വതി അമ്മയ്ക്ക് എ.പി.എൽ.കാർഡാണ് നൽകിയിട്ടുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വാർദ്ധക്യസഹജമായ അസുഖങ്ങൾകൊണ്ട് കഷ്ടപ്പെടുന്ന ശ്രീമതി സരസ്വതി അമ്മയുടെ ഉച്ചമായ വരുമാനം കണക്കിലെടുക്കാതെ ഇവർക്ക് നൽകിയത് എ.പി.എൽ. കാർഡാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ശ്രീമതി സരസ്വതി അമ്മയ്ക്ക് ബി.പി.എൽ. കാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ശ്രീമതി സരസ്വതി അമ്മയ്ക്ക് എ.പി.എൽ. കാർഡാണ് നൽകിയിരിക്കുന്നത്. ബി.പി.എൽ. കാർഡിന് അപേക്ഷ ലഭിച്ചിട്ടില്ല. അപേക്ഷ ലഭിക്കുന്നപക്ഷം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

റേഷൻകാർഡ് പുതുക്കുന്ന ഘട്ടത്തിൽ ഇവരുടെ വരുമാനം പരിശോധിച്ച് മറ്റ് മാനദണ്ഡങ്ങൾ കണക്കാക്കി അർഹതപ്പെട്ടതാണെങ്കിൽ മുൻഗണനാ വിഭാഗത്തിൽ (ബി.പി.എൽ.) ഉൾപ്പെടും.

അവശ്യസാധനങ്ങൾ പൊതുവിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിൽ നൽകുന്നതിനുള്ള പദ്ധതി

189(5274) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അവശ്യസാധനങ്ങൾ പൊതുവിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിൽ നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) വിപണിയിലുണ്ടാകുന്ന വില വർദ്ധന പിടിച്ചുനിർത്തുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് ആശ്വാസമേകുന്നതിനായും സിവിൽസപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള വിപണിയിടപെടൽ പദ്ധതി കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. ഇതിനായി താഴെക്കൊടുത്തിട്ടുള്ള സാഹചര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly